11755
5/8/16

കേരള സർക്കാർ

## സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത) വിഭാഗത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനാൽ നിലവിലുള്ള ഒ.ഇ.സി പട്ടികയിൽ നിന്നും പുള്ളുവൻ സമുദായത്തെയും തച്ചർ (ആശാരിയല്ലാത്ത) സമുദായത്തെയും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നോക്ക സമുദായ വികസന (ബി) വകുപ്പ്**

സ. ഉ (കൈ) നമ്പർ. **06/2016/പിസവിവ.** തീയതി, തിരുവനന്തപുരം, **28.07.2016**

==========================================================

പരാമർശം : - (1) കേന്ദ്ര സർക്കാർ 17.12.2014-ന് പുറപ്പെടുവിച്ച ഭരണഘടനാ (ഭേദഗതി) 2014-ലെ 34-ാം ആക്ട് വിജ്ഞാപനം.

(2) 03.11.2015-ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.എ 6-20699/15 നമ്പർ കത്ത്.

(3) പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 31.03.2016-ലെ BCDD/A2/1297/15 നമ്പർ കത്ത്.

(4) സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാറുടെ 04.05.2016-ലെ 157/C/2016/KSCBC നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത) എന്നീ സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ നിയമ ഭേദഗതിയിലൂടെ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

2. പരാമർശം (2) പ്രകാരം പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത) സമുദായങ്ങളെ ഒ.ഇ.സി ലിസ്റ്റിൽ നിന്ന് ഒഴിവാക്കണമെന്ന് ലാന്റ് റവന്യൂ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

3. പരാമർശം (4)-ലെ കത്ത് പ്രകാരം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ രജിസ്ട്രാറും പുള്ളുവൻ, തച്ചർ (ആശാരിയല്ലാത്ത) സമുദായങ്ങളെ പട്ടികജാതി പട്ടികയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ പ്രസ്തുത സമുദായങ്ങളെ ഒ.ഇ.സി പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

*(മറുപുറം...)*